

# റമദാൻ മാസത്തെ മുൻനിർത്തിയുള്ള 'നസ്വീഹ'

(മലയാള വിവർത്തനം)

(ശൈഖ് അബ്ദുൽ അസീസ്
ഇബ്‌നു ബാസ് رحمه الله )

- **سماحة الشيخ ما نصيحتكم للمسلمين ونحن نستقبل هذا الشهر الفضيل؟**

نصيحتي للمسلمين جميعاً أن يتقوا الله جل وعلا، وأن يستقبلوا شهرهم العظيم بتوبة صادقة من جميع الذنوب، وان يتفقهوا في دينهم وأن يتعلموا أحكام صومهم وأحكام قيامهم؛ لقول النبي صلى الله عليه وسلم: ((من يرد الله به خيراً يفقهه في الدين))[1]،

ولقول النبي صلى الله عليه وسلم: ((إذا دخل رمضان فتحت أبواب الجنة، وغلقت أبواب النار، وسلسلت الشياطين))[2]

ولقوله صلى الله عليه وسلم: ((إذا كان أول ليلة من رمضان فتحت أبواب الجنة وغلقت أبواب جهنم وصفدت الشياطين وينادِ منادٍ: يا باغي الخير أقبل، ويا باغي الشر أقصر، ولله عتقاء من النار وذلك في كل ليلة))[3].

وكان يقول صلى الله عليه وسلم للصحابة: ((أتاكم شهر رمضان شهر بركة يغشاكم الله فيه فينزل الرحمة ويحط الخطايا ويستجيب الدعاء فأروا الله من أنفسكم خيراً فإن الشقي من حرم فيه رحمة الله))[4].

ومعنى: ((أروا الله من أنفسكم خيراً)): يعني سارعوا إلى الخيرات وبادروا إلى الطاعات وابتعدوا عن السيئات.

ويقول صلى الله عليه وسلم: ((من صام رمضان إيماناً واحتساباً غفر له ما تقدم من ذنبه، ومن قام رمضان إيماناً واحتساباً غفر له ما تقدم من ذنبه، ومن قام ليلة القدر إيماناً واحتساباً غفر له ما تقدم من ذنبه))[5].

ويقول صلى الله عليه وسلم: يقول الله جل وعلا: ((كل عمل ابن آدم له الحسنة بعشر أمثالها إلى سبعمائة ضعف إلا الصيام فإنه لي وأنا أجزي به، ترك شهوته وطعامه وشرابه من اجلي للصائم فرحتان فرحة عند فطره وفرحة عند لقاء ربه، ولخلوف فم الصائم أطيب عند الله من ريح المسك))[6].

ويقول صلى الله عليه وسلم: ((إذا كان يوم صوم أحدكم، فلا يرفث ولا يصخب، فإن سابه أحد أو قاتله فليقل إني امرؤ صائم))[7].

ويقول صلى الله عليه وسلم: ((من لم يدع قول الزور والعمل به والجهل فليس لله حاجة في أن يدع طعامه وشرابه))[8] رواه البخاري في الصحيح.

فالوصية لجميع المسلمين أن يتقوا الله وان يحفظوا صومهم وأن يصونوه من جميع المعاصي، ويشرع لهم الاجتهاد في الخيرات والمسابقة إلى الطاعات من الصدقات والإكثار من قراءة القرآن والتسبيح والتهليل والتحميد والتكبير والاستغفار؛ لأن هذا شهر القرآن: شَهْرُ رَمَضَانَ الَّذِي أُنْزِلَ فِيهِ الْقُرْآنُ[9].

فيشرع للمؤمنين الاجتهاد في قراءة القرآن، فيستحب للرجال والنساء الإكثار من قراءة القرآن ليلاً ونهاراً، وكل حرف بحسنة والحسنة بعشر أمثالها كما جاء ذلك عن النبي صلى الله عليه وسلم، مع الحذر من جميع السيئات والمعاصي، مع التواصي بالحق والتناصح والأمر بالمعروف والنهي عن المنكر.

فهو شهر عظيم تضاعف فيه الأعمال، وتعظم فيه السيئات، فالواجب على المؤمن أن يجتهد في أداء ما فرض الله عليه وأن يحذر ما حرم الله عليه، وأن تكون عنايته في رمضان أكثر واعظم، كما يشرع له الاجتهاد في أعمال الخير من الصدقات وعيادة المريض واتباع الجنائز وصلة الرحم، وكثرة القراءة وكثرة الذكر والتسبيح والتهليل والاستغفار والدعاء، إلى غير هذا من وجوه الخير، يرجو ثواب الله ويخشى عقابه، نسأل الله أن يوفق المسلمين لما يرضيه، ونسأل الله أن يبلغنا وجميع المسلمين صيامه وقيامه إيماناً واحتساباً، نسأل الله أن يمنحنا وجميع المسلمين في كل مكان الفقه في الدين والاستقامة عليه، والسلامة من أسباب غضب الله وعقابه، كما أسأله سبحانه أن يوفق جميع ولاة أمر المسلمين وجميع أمراء المسلمين، وأن يهديهم وأن يصلح أحوالهم، وأن يوفقهم لتحكيم شريعة الله في جميع أمورهم، في عبادتهم وأعمالهم وجميع شئونهم، نسأل الله أن يوفقهم لذلك، عملاً بقوله جل وعلا: وَأَنِ احْكُمْ بَيْنَهُمْ بِمَا أَنْزَلَ اللَّهُ[10]، وعملاً بقوله جل وعلا: أَفَحُكْمَ الْجَاهِلِيَّةِ يَبْغُونَ وَمَنْ أَحْسَنُ مِنَ اللَّهِ حُكْماً لِقَوْمٍ يُوقِنُونَ[11]، وعملاً بقوله سبحانه: فَلا وَرَبِّكَ لا يُؤْمِنُونَ حَتَّى يُحَكِّمُوكَ فِيمَا شَجَرَ بَيْنَهُمْ ثُمَّ لا يَجِدُوا فِي أَنْفُسِهِمْ حَرَجاً مِمَّا قَضَيْتَ وَيُسَلِّمُوا تَسْلِيماً[12]، وعملاً بقوله سبحانه: يَا أَيُّهَا الَّذِينَ آمَنُوا أَطِيعُوا اللَّهَ وَأَطِيعُوا الرَّسُولَ وَأُولِي الْأَمْرِ مِنْكُمْ فَإِنْ تَنَازَعْتُمْ فِي شَيْءٍ فَرُدُّوهُ إِلَى اللَّهِ وَالرَّسُولِ إِنْ كُنْتُمْ تُؤْمِنُونَ بِاللَّهِ وَالْيَوْمِ الْآخِرِ ذَلِكَ خَيْرٌ وَأَحْسَنُ تَأْوِيلاً[13]،

وعملاً بقول الله سبحانه: **قُلْ أَطِيعُوا اللَّهَ وَأَطِيعُوا الرَّسُولَ**[14]، وقوله سبحانه: **وَمَا آتَاكُمُ الرَّسُولُ فَخُذُوهُ وَمَا نَهَاكُمْ عَنْهُ فَانْتَهُوا**[15].

هذا هو الواجب على جميع المسلمين وعلى أمرائهم، يجب على أمراء المسلمين وعلى علمائهم وعلى عامتهم أن يتقوا الله وأن ينقادوا لشرع الله، وأن يحكموا شرع الله فيما بينهم ؛ لأنه الشرع الذي به الصلاح والهداية والعاقبة الحميدة وبه رضا الله وبه الوصول إلى الحق الذي شرعه الله وبه الحذر من الظلم.

نسأل الله للجميع التوفيق والهداية وصلاح النية والعمل، وصلى الله وسلم على نبينا محمد وعلى آله وأصحابه.

---

[1] رواه البخاري في العلم باب من يرد الله به خيراً يفقهه في الدين برقم 71، ومسلم في الزكاة باب النهي عن المسألة برقم 1037.

[2] رواه البخاري في بدء الخلق باب صفة إبليس وجنوده برقم 3277، ومسلم في الصيام باب فضل شهر رمضان برقم 1079.

[3] رواه الترمذي في الصوم باب ما جاء في فضل شهر رمضان برقم 682، وابن ماجة في الصيام باب ما جاء في فضل شهر رمضان برقم 1642.

[4] ذكره المنذري في الترغيب والترهيب باب الترغيب في صيام رمضان برقم 1490، وقال رواه الطبراني.

[5] رواه البخاري في الصوم باب من صام رمضان إيماناً واحتساباً برقم 1901، ومسلم في صلاة المسافرين وقصرها باب الترغيب في صيام رمضان برقم 760.

[6] رواه البخاري في التوحيد باب قول الله تعالى: يريدون أن يبدلوا كلام الله برقم 7492، ومسلم في الصيام باب فضل الصيام برقم 1151، وابن ماجة في الصيام باب ما جاء في فضل الصيام برقم 1638.

[7] رواه البخاري في الصوم باب هل يقول إني صائم إذا شتم برقم 1904.

[8] رواه البخاري في الصوم باب من لم يدع قول الزور برقم 1903.

[9] سورة البقرة، الآية 185.

[10] سورة المائدة، الآية 49.

[11] سورة المائدة، الآية 50.

[12] سورة النساء، الآية 65.

[13] سورة النساء، الآية 59.

[14] سورة النور، الآية 54.

[15] سورة الحشر، الآية 7.

- **അല്ലയോ ശൈഖ്, ശ്രേഷ്ഠകരമായ ഈ മാസത്തെ മുൻനിർത്തി മുസ്‌ലിമീങ്ങൾക്ക് വേണ്ടിയുള്ള താങ്കളുടെ നസ്വീഹത്ത് എന്താണ്?**

എല്ലാ മുസ്‌ലിമീങ്ങൾക്കുമായുള്ള എന്റെ നസ്വീഹത്ത് അല്ലാഹുവെ സൂക്ഷിക്കുക (തഖ്‌വയുള്ളവരാവുക) എന്നതാണ്. ഈ ശ്രേഷ്ഠകരമായ മാസത്തെ മുൻനിർത്തി എല്ലാ പാപങ്ങളിൽ നിന്നും സത്യസന്ധമായ തൗബ ചെയ്യുക, അത്പോലെ ദീനിൽ അറിവ് നേടുക, നോമ്പിന്റെയും രാത്രി നമസ്ക്കാരത്തിന്റെയും വിധികൾ പഠിക്കുക എന്നിവയാണ്.

നബിﷺ പറഞ്ഞു : ((ആർക്കെങ്കിലും അല്ലാഹു നന്മയെ ഉദ്ദേശിച്ചാൽ അവന് മതത്തിൽ പാണ്ഡിത്യം നൽകും)). (1)

നബിﷺ യുടെ വചനം : ((റമദാൻ ആഗതമായാൽ സ്വർഗ്ഗവാതിലുകൾ തുറക്കപ്പെട്ടും, നരക കവാടങ്ങൾ അടക്കപ്പെടും, പിശാചുക്കൾ ചങ്ങലക്കിടപ്പെടും)). (2)

നബിﷺ യുടെ വചനം : ((റമദാനിന്റെ ആദ്യത്തെ രാത്രി ആയാൽ സ്വർഗ്ഗ കവാടങ്ങൾ തുറക്കപ്പെടും, നരക കവാടങ്ങൾ അടക്കപ്പെടും, പിശാചുക്കൾക്ക് വിലങ്ങ് വെക്കപ്പെടും. എന്നിട്ട് ഒരു വിളിച്ചു പറയുന്ന ആൾ വിളിച്ചു പറയും : ഏയ്, നന്മയിൽ മുന്നേറുന്നവനേ, (നന്മയിൽ) മുന്നേറൂ!, ഏയ്, തിന്മയിൽ മുന്നേറുന്നവനേ, (തിന്മ) കുറക്കൂ! അല്ലാഹു എല്ലാ രാത്രിയിലും നരകത്തിൽ നിന്ന് (ആളുകളെ) മോചിപ്പിക്കുകയും ചെയ്യും)). (3)

നബിﷺ സ്വഹാബികളോട് പറയുമായിരുന്നു : ((ബറക്കത്തിന്റെ (അനുഗ്രഹത്തിന്റെ) മാസമായ റമദാൻ മാസം നിങ്ങൾക്ക് വന്നെത്തിയിരിക്കുന്നു. നിങ്ങൾ അല്ലാഹുവുമായി സമീപസ്ഥരാവുക, എങ്കിൽ അവൻ നിങ്ങൾക്ക് റഹ്മത്ത് ചൊരിഞ്ഞു തരും, പാപങ്ങൾ പൊറുത്തു തരികയും പ്രാർത്ഥനക്ക് ഉത്തരം നൽകുകയും ചെയ്യും. നിങ്ങൾ അല്ലാഹുവിന് നിങ്ങളുടെ നഫ്സിലുള്ള നന്മ കാണിച്ചു കൊടുക്കുക. ദൗർഭാഗ്യവാൻ അല്ലാഹുവിന്റെ റഹ്മത്തിൽ നിന്നും തടയപ്പെടുന്നതാണ്)). (4)

അല്ലാഹുവിന് നിങ്ങളുടെ നഫ്സിലുള്ള നന്മ കാണിച്ചു കൊടുക്കുക എന്നതിന്റെ ഉദ്ദേശം, നന്മകളിലേക്ക് ധൃതികൂട്ടുക, അല്ലാഹുവിനുള്ള അനുസരണയിലേക്ക് മുന്നേറുക, അതുപോലെ തിന്മകളെ തൊട്ട് വിട്ടു നിൽക്കുക എന്നതുമാണ്.

നബിﷺ യുടെ വചനം : ((ആരെങ്കിലും റമദാനിൽ ഈമാനോട് കൂടിയും പ്രതിഫലേച്ഛയോടു കൂടിയും നോമ്പനുഷ്ഠിച്ചാൽ അവന്റെ മുൻകഴിഞ്ഞു പോയ പാപങ്ങൾ പൊറുക്കപ്പെടുന്നതാണ്. ആരെങ്കിലും റമദാനിൽ ഈമാനോട് കൂടിയും പ്രതിഫലേച്ഛയോടു കൂടിയും രാത്രി നിന്ന് നമസ്ക്കരിച്ചാൽ അവന്റെ മുൻകഴിഞ്ഞ പാപങ്ങൾ പൊറുക്കപ്പെടും)). (5)

നബിﷺ പറയുന്നു : ((അല്ലാഹു പറയുന്നു : ആദമിന്റെ പുത്രന്റെ എല്ലാ അമലിനും അതിന്റെ പത്തിന് തുല്ല്യമായ പ്രതിഫലം (പത്തിരട്ടി) മുതൽ 700 (ഇരട്ടി) വരെ ഉണ്ട്, നോമ്പൊഴികെ. അത് എനിക്കുള്ളതാണ്, അതിന് ഞാനാണ് പ്രതിഫലം നൽകുന്നത് (കണക്കില്ലാത്ത പ്രതിഫലമുണ്ടെന്നർത്ഥം). അവന്റെ ഇച്ഛകളും, ഭക്ഷണവും എനിക്ക് വേണ്ടി അവൻ ഉപേക്ഷിച്ചു. നോമ്പുകാരന് 2 സന്തോഷമുണ്ട്, നോമ്പ് തുറക്കുന്ന അവസരത്തിലും അല്ലാഹുവിനെ കണ്ടുമുട്ടുന്ന അവസരത്തിലും. നോമ്പുകാരന്റെ വായിൽ നിന്നുള്ള വാസന അല്ലാഹുവിന്റെ അടുക്കൽ കസ്തൂരിയേക്കാൾ സുഗന്ധമുള്ളതാണ്)). (6)

നബിﷺ പറയുന്നു : ((നിങ്ങളിലൊരാൾക്ക് ഒരു ദിവസം നോമ്പായിരുന്നാൽ, അവൻ അസഭ്യം പറയരുത്, അവൻ ബഹളമുണ്ടാക്കരുത്, അവനെ ആരെങ്കിലും അസഭ്യം പറയുകയോ അവനോട് മല്ലിടാൻ വരികയോ ചെയ്താൽ അവൻ ‘‘ഞാൻ നോമ്പുകാരനാണ്’’ എന്ന് പറയട്ടെ)). (7)

നബിﷺ പറയുന്നു : ((ആർ തന്റെ കള്ള വർത്തമാനങ്ങളും പ്രവർത്തനങ്ങളും വിഡ്ഢിത്തരവും ഒഴിവാക്കുന്നില്ലയോ അവന്റെ ഭക്ഷണ പാനീയങ്ങൾ ഉപേക്ഷിക്കൽ അല്ലാഹുവിന് ആവശ്യമില്ല)). (8)

എല്ലാ മുസ്‌ലിംകളോടുമുള്ള വസ്വിയ്യത്ത്, അല്ലാഹുവിനെ സൂക്ഷിക്കുക എന്നുള്ളതാണ്. നോമ്പ് കൃത്യമായി അനുഷ്ഠിക്കുക, എല്ലാ വിധ തെറ്റുകളിൽ നിന്നും വിട്ട് നിൽക്കുക, എന്നതുമാണ്. അവരുടെ മേൽ നന്മകളിൽ കഴിച്ചു കൂട്ടാനും സ്വദഖകൾ വർധിപ്പിച്ചു കൊണ്ടും ഖുർആൻ പാരായണം വർധിപ്പിച്ച് കൊണ്ടും തസ്ബീഹും ( سبحان الله ) തഹ്‌ലീലും ( لا إله إلا الله ) തഹ്‌മീദും ( الحمد لله ) തക്ബീറും ( الله أكبر ) ഇസ്തിഗ്ഫാറും കൊണ്ടും അല്ലാഹുവിനുള്ള അനുസരണയിൽ മുന്നേറാനും നിയമമാക്കിയിരിക്കുന്നു.

((വിശുദ്ധ ഖുർആൻ ഇറക്കപ്പെട്ട മാസമാകുന്നു റമദാൻ.)) (9)

ഖുർആൻ പാരായണം ചെയ്യുക എന്നത് സത്യവിശ്വാസികൾക്ക് വേണ്ടി ശറആക്കി (നിയമമാക്കി) യിരിക്കുന്നു. പുരുഷന്മാരും സ്ത്രീകളും രാവുകളിലും പകലുകളിലും ഖുർആൻ പാരായണം വർധിപ്പിക്കുന്നത് സുന്നത്താണ്. എല്ലാ ഹർഫും (അക്ഷരവും) ഒരു നന്മയാണ്. ഒരു നന്മയെന്നാൽ പത്തിരട്ടിയുമാണ്- നബിﷺ യിൽ നിന്ന് വന്നതു പോലെ.

അതുപോലെ തന്നെ എല്ലാ വിധ തിന്മകളിൽ നിന്നും തെറ്റുകളിൽ നിന്നും വിട്ട് നിൽക്കുക. സത്യം കൊണ്ട് വസ്വിയ്യത്ത് ചെയ്യുകയും ഉപദേശങ്ങൾ നൽകുകയും നന്മ കൽപ്പിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യുക. അമലുകളുമായി ചടഞ്ഞിരിക്കേണ്ട മഹത്തായ മാസമാണിത്, എല്ലാ വിധ തെറ്റുകളേയും ഗൗരവത്തിൽ എടുക്കേണ്ടതുമാണ്.

അല്ലാഹു നിർബന്ധമാക്കിയ കാര്യങ്ങൾ കൃത്യമായി നിർവ്വഹിക്കുന്നതിനും അവൻ ഹറാമാക്കിയ കാര്യങ്ങളിൽ വിട്ടു നിൽക്കുന്നതിനും വേണ്ടി പരിശ്രമിക്കൽ സത്യവിശ്വാസികൾക്ക് നിർബന്ധമാണ്.

നീ റമദാനിൽ ധാരളമായി (അമലുകളിൽ) വ്യാപൃതനാവുന്നതിനായി, നിന്നിൽ നിയമമാക്കിയ പോലെ, ദാനധർമ്മങ്ങൾ ചെയ്തും രോഗിയെ സന്ദർശിച്ചും, ജനാസയെ അനുഗമിച്ചും, കുടുംബ ബന്ധം ചേർത്തിയും സൽക്കർമ്മങ്ങൾ ചെയ്യുക, അതുപോലെ ധാരളമായി ഖുർആൻ പാരായണം ചെയ്യുക, ദിക്ർ വർധിപ്പിക്കുക, തസ്ബീഹ് ചൊല്ലുക, തഹ്‌ലീൽ ചൊല്ലുക, പാപമോചനം തേടുക, ദുആ ചെയ്യുക, നല്ല മാർഗ്ഗത്തിലുള്ള മറ്റു കാര്യങ്ങളും. അല്ലാഹുവിൽ നിന്ന് പ്രതിഫലം പ്രതീക്ഷിക്കുകയും അവന്റെ ശിക്ഷയെ പേടിക്കുകയും ചെയ്യുക.

അവൻ (അല്ലാഹു) തൃപ്തിപ്പെടുന്നതിലേക്ക് മുസ്‌ലിംകൾക്ക് തൗഫീഖ് നൽകാൻ നാം അല്ലാഹുവിനോട് ചോദിക്കുന്നു. വിശ്വാസത്തോടും പ്രതിഫലേച്ഛയോടും കൂടെ നോമ്പും രാത്രി നമസ്ക്കാരവും വർധിപ്പിക്കാൻ എല്ലാ മുസ്‌ലിംകൾക്കും വേണ്ടി അല്ലാഹുവിനോട് ചോദിക്കുന്നു.

എല്ലാ നാട്ടിലുമുള്ള മുസ്‌ലിംകൾക്കും ദീനിൽ അറിവ് നൽകാനും അതിൽ ഉറച്ച് നിൽക്കാനും, അല്ലാഹുവിന്റെ ദേഷ്യത്തിന്നും കോപത്തിന്നും കാരണമാകുന്ന കാര്യങ്ങളിൽ നിന്നും രക്ഷ കിട്ടാനും, അവർക്ക് നേർമാർഗ്ഗം (ഹിദായത്ത്) കിട്ടാനും അവരുടെ അവസ്ഥകൾ നന്നാകുവാനും, ആരാധനകളിലും, പ്രവർത്തനങ്ങളിലും മറ്റെല്ലാ വിധ കാര്യങ്ങളിലും അല്ലാഹുവിന്റെ നിയമ വിധികളെ പിൻപറ്റാനുള്ള തൗഫീഖ് നൽകുവാനും നാം അല്ലാഹുവിനോട് ചോദിക്കുന്നു.

അല്ലാഹുവിന്റെ വചനം : ((അല്ലാഹു അവതരിപ്പിച്ചതനുസരിച്ച് അവർക്കിടയിൽ നീ വിധി കൽപ്പിക്കുകയും)). (10)

അല്ലാഹുവിന്റെ വചനം : ((ജാഹിലിയ്യത്തിന്റെ വിധിയാണോ അവർ തേടുന്നത്? ദൃഢവിശ്വാസികളായ ആളുകൾക്ക് അല്ലാഹുവേക്കാൾ നല്ല വിധികർത്താവ് ആരാണുള്ളത്?)). (11)

അല്ലാഹുവിന്റെ വചനം : ((ഇല്ല, നിന്റെ രക്ഷിതാവിനെത്തന്നെയാണ് സത്യം; അവർക്കിടയിൽ ഭിന്നതയുണ്ടായ കാര്യത്തിൽ അവർ നിന്നെ വിധി കർത്താവാക്കുകയും നീ വിധി കൽപ്പിച്ചതിനെപ്പറ്റി പിന്നീടവരുടെ മനസ്സുകളിൽ ഒരു വിഷമവും തോന്നാതിരിക്കുകയും, അത് പൂർണ്ണമായും സമ്മതിച്ച് അനുസരിക്കുകയും ചെയ്യുന്നത് വരെ അവർ വിശ്വാസികളാവുകയില്ല)). (12)

അല്ലാഹുവിന്റെ വചനം : ((സത്യവിശ്വാസികളേ നിങ്ങൾ അല്ലാഹുവെ അനുസരിക്കുക. (അല്ലാഹുവിന്റെ) ദൂതനെയും നിങ്ങളിൽ നിന്നുള്ള കൈകാര്യകർത്താക്കളെയും അനുസരിക്കുക. ഇനി വല്ല കാര്യത്തിലും നിങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാകുകയാണെങ്കിൽ നിങ്ങളത് അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കുക. നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ (അതാണ് വേണ്ടത്) അതാണ് ഉത്തമവും കൂടുതൽ നല്ല പര്യവസാനമുള്ളതും)). (13)

അല്ലാഹുവിന്റെ വചനം : ((നീ പറയുക: നിങ്ങൾ അല്ലാഹുവെ അനുസരിക്കുവിൻ , റസൂലിനെയും നിങ്ങൾ അനുസരിക്കുവിൻ)). (14)

അല്ലാഹുവിന്റെ വചനം : ((നിങ്ങൾക്ക് റസൂൽ നൽകിയതെന്തോ അത് നിങ്ങൾ സ്വീകരിക്കുക. എന്തൊന്നിൽ നിന്ന് അദ്ദേഹം നിങ്ങളെ വിലക്കിയോ അത് നിങ്ങൾ സ്വീകരിക്കുക. എന്തൊന്നിൽ നിന്ന് അദ്ദേഹം നിങ്ങളെ വിലക്കിയോ അതിൽ നിന്ന് നിങ്ങൾ ഒഴിഞ്ഞ് നിൽക്കുകയും ചെയ്യുക)). (15)

ഇത് എല്ലാ മുസ്‌ലിംകൾക്കും അവരുടെ നേതാക്കൾക്കും (ഉമറാക്കൾക്കും) നിർബന്ധമാണ്. അല്ലാഹുവിൽ സൂക്ഷ്മത (തഖ്‌വ) പാലിക്കുകയും അല്ലാഹുവിന്റെ നിയമ വിധികളെ അനുസരിക്കലും അല്ലാഹുവിന്റെ വിധി അനുസരിച്ച് പരസ്പരം വിധിക്കലും മുസ്‌ലിംകളിലെ അമീറുമാർക്കും പണ്ഡിതന്മാർക്കും സാധരണക്കാർക്കും നിർബന്ധമാണ്. നിശ്ചയമായും അല്ലാഹുവിന്റെ നിയമവിധി നന്മയിലും സന്മാർഗ്ഗത്തിലും നല്ല പര്യവസാനത്തിലുമായിരിക്കും. അതുപോലെ അല്ലാഹുവിന്റെ തൃപ്തിയിലുമായിരിക്കും. അത് അല്ലാഹു കൽപ്പിച്ച (നിയമമാക്കിയ) സത്യത്തിലേക്ക് എത്തിക്കുന്നു, അക്രമത്തിൽ നിന്നും അതൊഴിവാകുന്നു. എല്ലാത്തിനുമുള്ള തൗഫീഖിനും, ഹിദായത്തിനും നല്ല നിയ്യത്തിനും അമലിനും നാം അല്ലാഹുവോട് ചോദിക്കുന്നു. നമ്മുടെ നബിയായ മുഹമ്മദിനും അദ്ദേഹത്തിന്റെ സ്വഹാബത്തിനും അല്ലാഹുവിന്റെ രക്ഷയും സമാധാനവും ഉണ്ടാവട്ടെ.

[1] رواه البخاري في العلم باب من يرد الله به خيراً يفقهه في الدين برقم 71، ومسلم في الزكاة باب النهي عن المسألة برقم 1037.
[2] رواه البخاري في بدء الخلق باب صفة إبليس وجنوده برقم 3277، ومسلم في الصيام باب فضل شهر رمضان برقم 1079.
[3] رواه الترمذي في الصوم باب ما جاء في فضل شهر رمضان برقم 682، وابن ماجة في الصيام باب ما جاء في فضل شهر رمضان برقم 1642.
[4] ذكره المنذري في الترغيب والترهيب باب الترغيب في صيام رمضان برقم 1490، وقال رواه الطبراني.
[5] رواه البخاري في الصوم باب من صام رمضان إيماناً واحتساباً برقم 1901، ومسلم في صلاة المسافرين وقصرها باب الترغيب في صيام رمضان برقم 760.
[6] رواه البخاري في التوحيد باب قول الله تعالى: يريدون أن يبدلوا كلام الله برقم 7492، ومسلم في الصيام باب فضل الصيام برقم 1151، وابن ماجة في الصيام باب ما جاء في فضل الصيام برقم 1638.

[7] رواه البخاري في الصوم باب هل يقول إني صائم إذا شتم برقم 1904.
[8] رواه البخاري في الصوم باب من لم يدع قول الزور برقم 1903.
[9] سورة البقرة، الآية 185.
[10] سورة المائدة، الآية 49.
[11] سورة المائدة، الآية 50.
[12] سورة النساء، الآية 65.
[13] سورة النساء، الآية 59.
[14] سورة النور، الآية 54.
[15] سورة الحشر، الآية 7.

Source : *http://ibnbaz.org/node/396*

അൽ ഉലൂം മലയാളം
www.aloloommalayalam.com